# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2827 — 18.6.2018- ൽ മറുപടിക്ക്

## ലൈബ്രേറിയന്മാരുടെ തസ്തിക അനുവദിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കുന്ന സർക്കാർ ഹയർസെക്കന്ററി രംഗത്ത് അത്യാവശ്യം ഉണ്ടാകേണ്ട ആധുനിക ലൈബ്രറിയും പരിശീലനം ലഭിച്ച ലൈബ്രേറിയന്മാരും ഇല്ല എന്ന വസ്തുത ഉൾക്കൊള്ളുന്നുണ്ടോ;<br><br>(ബി) ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുകയും അവിടെ പരിശീലനം ലഭിച്ച ലൈബ്രേറിയന്മാരുടെ തസ്തികകൾ അനുവദിക്കുകയും ചെയ്യുമോ? | (എ) & (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013,7881/2013 നമ്പർ കേസുകളിലെ5.9.2013 തീയതി യിലെ പൊതുവിധിന്യായം നടപ്പിലാക്കി കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്)നം. 220/2015 /പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ